**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **18-01-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ആസ്ഥാനമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ആസ്ഥാനമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്ര നൽകിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 1,44,10,000/- (ഒരു കോടി നാൽപത്തിനാല് ലക്ഷത്തി പതിനായിരം മാത്രം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ പുരോഗതി-ക്കനുസൃതമായി പല ഗഡുക്കളായി ഇതുവരെ 93,66,500/- (തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തിയാറായിരത്തി അഞ്ഞൂറ് മാത്രം) രൂപ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (ബി) | പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്പ്മെന്റ് സെന്ററിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഇന്റീരിയർ/ പെയിന്റിംഗ് ജോലികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ നിർമ്മാണ ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (ഡി) | പുതിയ കെട്ടിടത്തിൽ ടി സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഡി) | പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്പ്മെന്റ് സെന്റർ പുതിയ കെട്ടിടത്തിൽ 2021 ഫെബ്രുവരി മാസത്തോടെ തുറന്ന് പ്രവർത്തിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ